DESPATCHED
On..27/02/2020

16/01/2020

## സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,


തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.-nic.-in


## ഹർജി നമ്പർ C.P. No.171(6)/2018/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

*(ഫയൽ നം.1757/എസ്.ഐ.സി-ജി 5/2018)*

സന്നിഹിതൻ

**ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ**

.ശ്രീ. ബോബൻ. പി.എം.
കുണ്ടാറ്റിൽ വീട്
റയിൽവേസ്റ്റേഷൻ റോഡ്
തൃപ്പൂണിത്തുറ – 682301 } പരാതി ഹർജിക്കാരൻ

പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സീനിയർ സൂപ്രണ്ട്
നഗര കാര്യ ഡയറക്ടറേറ്റ്, സ്വരാജ്ഭവൻ,
നന്തൻകോട് , തിരുവനന്തപുരം. } എതിർകക്ഷി.

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 26.12.2017 |
| മറുപടി ലഭ്യമാക്കിയ തീയതി | 25.01.2018 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 16.02.2018 |
| കമ്മീഷൻ പരാതി ലഭിച്ച തീയതി | 22.02.2018 |
| ഹിയറിംഗ് തീയതി<br>സ്ഥലം | 14.01..2020<br>സംസ്ഥാന വിവരാവകാശ കമ്മീഷൻ തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിധ്യം :പരാതി ഹർജിക്കാരൻ<br>: എസ്.പി.ഐ.ഒ | ഹാജരായില്ല<br>ഹാജരായി |

RIGHT TO INFORMATION

# ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. ബോബൻ പി.എം. കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിന്മേൽ യാതൊരു മറുപടിയും ലഭിക്കാത്തതിനാൽ 25.01.2018 തിയതി മറ്റൊരു അപേക്ഷ കൂടി അയച്ചിരുന്നുവെന്നും എന്നാൽ എതിർകക്ഷി ഓഫീസിലെ ക്ലാർക്കിനെ ടെലിഫോണിൽ ബന്ധപ്പെട്ടപ്പോൾ ഹർജിക്കാരന്റെ അപേക്ഷ ലഭിച്ചിട്ടില്ലായെന്ന് പ്രസ്താവിക്കുകയാണ് ഉണ്ടായതെന്നും എന്നാൽ ടിയാന്റെ അപേക്ഷകൾ എതിർകക്ഷി ഓഫീസിന് ലഭിച്ചതായി തപാൽ രേഖ വ്യക്തമാക്കുന്നുണ്ടെന്നുമാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, താഴെപ്പറയുന്ന വിവരങ്ങളാണ്.

i) കൊച്ചി നഗരസഭയിൽ എസ്.റ്റി. വിഭാഗം (സംവരണം) സൂപ്രണ്ട് ആർ.മിനിമോൾ 1989 ൽ സർവ്വീസിൽ കയറിയെന്നും 1991 ൽ പ്രൊബേഷൻ ഡിക്ലയർ ചെയ്തുവെന്നും 1991 നവംബറിൽ MOP പാസായെന്നും ടി വിവരം നഗരസഭ ഡയറക്ടറെ അറിയിച്ചിട്ടും എന്തുകൊണ്ട് യു.ഡി ക്ലാർക്കായി സീനിയോറിറ്റി മുന്നിലാക്കി പ്രമോഷൻ കൊടുത്തില്ലായെന്നും

ii) ഇപ്പോഴും സീനിയോറിറ്റി ലിസ്റ്റിൽ വളരെ പിന്നിലായി ഉൾപ്പെടുത്തിയിരിക്കുന്നത് എന്തുകൊണ്ടാണെന്നും

iii) എസ്.സി, എസ്.റ്റി വിഭാഗക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് എന്തുകൊണ്ട് പ്രസിദ്ധീകരിക്കുന്നില്ല എന്നും

iV) ശ്രീമതി.ആർ.മിനിമോൾ സർക്കുലർ നമ്പർ.8130/ഉപ.സി3/2616/ഉ.ഭ.പ.വ പ്രകാരം ഡെപ്യൂട്ടി സെക്രട്ടറിയായി പ്രമോഷന് അർഹതയുള്ള ആളല്ലേ എന്നും മറ്റുമായി 15 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിന്മേൽ 25.01.2018 തീയതി മറുപടി നൽകിയിരുന്നുവെന്നും 25.01.2018 തീയതി സമർപ്പിച്ച അതേ അപേക്ഷയിന്മേൽ 23.02.2018 തീയതി ഇ3–2435/2018 നമ്പർ കത്തു പ്രകാരം മറുപടി നൽകിയിട്ടുള്ളതാണന്നും ആയതിന്റെ പകർപ്പ് കമ്മീഷൻ മുമ്പാകെ ഹാജരാക്കുന്നുവെന്നുമാണ്.

RIGHT TO INFORMATION

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിന്മേൽ എതിർകക്ഷി മറുപടി നൽകിയിരുന്നുവെന്നും വീണ്ടും ഹർജിക്കാരൻ മേൽപ്പടി വിവരങ്ങൾ ആവശ്യപ്പെട്ടു കൊണ്ട് സമർപ്പിച്ച അപേക്ഷയിന്മേൽ മറുപടി അയച്ചു നൽകിയിരുന്നുവെന്നും കാണുന്നു. ആയതിനാൽ ഈ പരാതി ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ജനുവരി 16-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്
വിൻസൻ എം. പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

RIGHT TO INFORMATION